# IBSA Foreign Ministers’ Virtual Meeting

September 16, 2020

---

# IBSA വിദേശമന്ത്രിമാരുടെ വിർച്ചൽ സമ്മേളനം

സെപ്റ്റംബർ 16, 2020

2020 സെപ്റ്റംബർ 16 ന് ഇന്ത്യൻ വിദേശകാര്യമന്ത്രി ശ്രീ. എസ് .ജയശങ്കർ അധ്യക്ഷനായി IBSA വിദേശകാര്യമന്ത്രിമാരുടെ യോഗം വീഡിയോ കോൺഫറൻസിലൂടെ വിർച്വലായി വിളിച്ചു ചേർത്തു. ദക്ഷിണാഫ്രിക്ക റിപ്പബ്ലിക്കിന്റെ അന്താരാഷ്ട്ര സഹകരണ വകുപ്പ് മന്ത്രി മിസ്.ഗ്രെയ്സ് നലേഡി മാന്റിസ പാൻഡോർ, ബ്രസീൽ ഫെഡറേറ്റീവ് റിപ്പബ്ലിക് അംബാസിഡർ ഫാബിയോ മാഴ്സണോ എന്നിവർ തങ്ങളുടെ വിഭാഗങ്ങളെ നയിച്ചു.

IBSA കോർപ്പറേഷനുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ മന്ത്രിമാർ പങ്കു വയ്ച്ചു കൂടാതെ ആഗോള പ്രാധാന്യമുള്ള പ്രശ്നങ്ങളായ സമാധാനം, സുരക്ഷാ, തീവ്രവാദ പ്രതിരോധം,കാലാവസ്ഥ വ്യതിയാനം, സുസ്ഥിര വികസനം, ബഹുരാഷ്ട്ര വ്യവസായ സംവിധാനം, നിരായുധീകരണം , ആണവായുധ നിരോധന പ്രശ്നങ്ങൾ കൂടാതെ ദക്ഷിണ പ്രവിശ്യകളിലെ സഹകരണം എന്നിവയെക്കുറിച്ചും അവർ ചർച്ച ചെയ്തു. ഇത് കൂടാതെ കോവിഡ്-19 പകർച്ചവ്യാധിയുടെ സാഹചര്യത്തിലുള്ള അനുഭവങ്ങൾ പങ്കു വയ്ക്കുകയും ദാരിദ്ര്യവും ഭക്ഷണത്തിന്റെ അഭാവവും മാറ്റുന്നതിനായി IBSA ഫണ്ടിന്റെ ഉപയോഗത്തെ പ്രശംസിക്കുകയും ചെയ്തു. ഈ അവസരത്തിൽ, ആഗോള ദക്ഷിണ പ്രവിശ്യയുടെ പൊതുവായ ഉദ്യമം എന്ന നിലയിൽ ഇവർ യു എൻ സുരക്ഷാ കൗൺസലിന്റെ പരിഷ്കരണത്തെക്കുറിച്ചുള്ള IBSA സംയുക്ത മന്ത്രി തല പ്രസ്താവന സ്വീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു.

യുഎൻ സെക്യൂരിറ്റി കൗൺസിലിന്റെ ത്വരിതവും സമഗ്രവുമായ പരിഷ്കരണത്തിനായി വ്യക്തമായ പുരോഗതി കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ഇരട്ടിയാക്കാനും പ്രതിബദ്ധത വർദ്ധിപ്പിക്കാനും അന്താരാഷ്ട്ര സമൂഹത്തിന്റെ ആവശ്യകത മന്ത്രിമാർ ഊന്നിപ്പറഞ്ഞു, കൂടാതെ പ്രാതിനിധ്യപരവും സമഗ്രവും തുല്യതയും ഉത്തരവാദിത്വവും ഉള്ളതും കാര്യക്ഷമമവുമായ ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിലിനായി സ്ഥിരമാവോ അസ്ഥിരമോ ആയ രീതിയിൽ പുതിയതും വികസിതവുമായ രാജ്യങ്ങളിൽ നിന്നും ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിൽ അംഗത്വം സ്വീകരിച്ച് അത് വികസിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത പുതുക്കുകയും ചെയ്തു.സംയുക്തമായ പ്രസ്താവന https://www.mea.gov.in/bilateral-documents.htm?dtl/32989 എന്നതിൽ കണ്ടെത്താവുന്നതാണ്.

IBSA കോര്പറേഷന് ബഹുരാഷ്ട്ര ഫോറമുകളിൽ വികസിപ്പിക്കുന്നതിനും മൂന്നു രാജ്യങ്ങളിലുമായി IBSA ഇവനറ്റുകൾ സംഘടിപ്പിക്കുന്നതിനും മന്ത്രിമാർ അനുകൂലിക്കുകയുണ്ടായി.

IBSA കോർപറേഷനുമായുള്ള ക്രിയാത്മകത കാത്തു സൂക്ഷിക്കുന്നതിനും ദക്ഷിണാഫ്രിക്കയും ബ്രസീലും ഇന്ത്യയെ അഭിനന്ദിച്ചു.

**ന്യൂ ഡൽഹി**
**16 സെപ്റ്റംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.